(സി) നിലവിൽ പരിഗണനയിൽ ഇല്ല;

(ഡി) കളമശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ കൊച്ചിൻ റിഫൈനറി രണ്ടാം നില പണിതുനൽകിയത് പ്രയോജനരഹിതമായി കിടക്കുന്നുണ്ട്.

(ഇ) & (എഫ്) ഉത്തരം 'ബി' ബാധകമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡയാലിസിസിനുള്ള ചാർജ്ജിൽ വർദ്ധനവ്

238 [3212] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡയാലിസിസിനുള്ള ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചതെന്നും വർദ്ധിപ്പിക്കുന്നതിന് മുമ്പുള്ള നിരക്ക് എത്രയായിരുന്നുവെന്നും വർദ്ധിപ്പിക്കുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി ഡയാലിസിസിന് വിധേയരാകേണ്ടിവരുന്ന പാവപ്പെട്ട രോഗികൾക്ക് ഫീസ് ഒഴിവാക്കി ഡയാലിസിസ് നടത്തിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഡെങ്കിപ്പനി, എലിപ്പനി, പാമ്പുകടി എന്നിവമൂലം പെട്ടെന്ന് വൃക്ക രോഗം ബാധിക്കുന്നവർക്കും നിർദ്ധനരായ രോഗികൾക്കും നിലവിൽ സൗജന്യമായി ഡയാലിസിസ് ലഭ്യമാക്കുന്നുണ്ട്.

എടവിലങ്ങ് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാരുടെ സ്ഥലംമാറ്റം

239 [3213] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി, കടൽക്ഷോഭം നടന്ന വേളയിൽ ജനപ്രതിനിധികളടക്കമുള്ളവരുടെ നിർദ്ദേശം മാനിച്ചില്ലെന്നുള്ള പരാതികൾ പരിഗണിച്ച് എടവിലങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly